**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം**

വിഷയം:- ആവഡ-ശ്രീ. സുകുമാരൻ. ടി, ഡ്രൈവർ ഗ്രേഡ് I, ജില്ലാ മെഡിക്കൽ ഓഫീസ് (ആ), കാഞ്ഞങ്ങാട്, കാസർഗോഡ് - ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ സീനിയോരിറ്റി പുനഃ ക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:-

1. അഡ്വൈസ് നം. കെജിഡി IV(2)4218/06 കെ പി എസ് സി കാസർഗോഡ് തീയതി 04/09/2012
2. ഉത്തരവ് നം. ഇ1-13842/2011 ഡ്രഗ്സ് കൺട്രോളർ തീയതി 13/09/2012
3. ഉത്തരവ് നം ഇഎസ്2-7000/2015/ആ വ ഡ തീയതി 18/09/2015
4. ഉത്തരവ് നം ഇഎസ്2-7000/2015/ആ വ ഡ തീയതി 06/12/2017
5. ശ്രീ. സുകുമാരൻ. ടി, ഡ്രൈവർ ഗ്രേഡ് I, ജില്ലാ മെഡിക്കൽ ഓഫീസ്, കാസർഗോഡിന്റെ 09/10/2024 ലെ അപേക്ഷ
6. കത്ത് നം ഡിഎംഓ(എച്ച്) കെ എസ് ഡി 3261/2024-എ2 തീയതി 18/10/2024
7. സർക്കുലർ നം. ഉപ.സി3/100/2024/പി & എ ആർ ഡി തീയതി 24/09/2024
8. നോട്ടീസ് നം, ഇഎസ്2-25465/2024/ആവഡ തീയതി.26/12/2024

**ഉത്തരവ് നം.ഇ എസ്2-25465/2024/ആവഡ തീയതി.24-02-2025**

കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസിലെ ഡ്രൈവർ ഗ്രേഡ് I ശ്രീ. സുകുമാരൻ. ടി, പരാമർശം 7 പ്രകാരമുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ പി

എസ് സി അഡ്വൈസ് തീയതി മുതലുള്ള സീനിയോറിറ്റി അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് 09/10/2024ന് സമർപ്പിച്ച അപേക്ഷ പരാമർശം 6 പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു.

ശ്രീ. സുകുമാരൻ. ടി, പരാമർശം 1 പ്രകാരമുള്ള പി എസ് സി നിയമന ശുപാർശയുടെയും പരാമർശം 2 പ്രകാരമുള്ള ഡ്രഗ്സ് കൺട്രോളറുടെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ തിരുവനന്തപുരം ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ 25/09/2012 ന് ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ടിയാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും അന്തർ വകുപ്പ് സ്ഥലം മാറ്റം വഴി 17/05/2014 ന് ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. ആരോഗ്യ വകുപ്പിലെ ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ 01/09/2011 മുതൽ 31/12/2014 വരെയുള്ള പരാമർശം 3 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ടിയാൻ ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി 17/05/2014 കണക്കാക്കി റാങ്ക് നം 163 A ആയി പരാമർശം 4 ലെ ഉത്തരവ് പ്രകാരം ടിയാനെ ഉൾപ്പെടുത്തിയിരുന്നു.

പരാമർശം 7 ലെ സർക്കുലർ പ്രകാരം ശ്രീ. സുകുമാരൻ. ടി ക്ക് അഡ്വൈസ് തീയതി 04/09/2012 പ്രകാരം ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റിക്ക് അർഹതയുള്ളതിനാൽ ടിയാന്റെ സീനിയോറിറ്റി പരാമർശം 3 പ്രകാരമുള്ള 01/09/2011 മുതൽ 31/12/2014 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം 56A ആയി പുനർ നിർണ്ണയിക്കുവാനും പരാമർശം 4 പ്രകാരമുള്ള റാങ്ക് നം 163 A റദ്ദ് ചെയ്യാനും താൽക്കാലികമായി തീരുമാനിച്ച് നോട്ടീസ് പരാമർശം 8 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ പരാമർശം 3 പ്രകാരമുള്ള ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ ശ്രീ. സുകുമാരൻ. ടി യുടെ റാങ്ക് നം 56A ആയി പുനർ നിർണ്ണയിക്കാനും പരാമർശം 4 പ്രകാരമുള്ള റാങ്ക് നം 163 A റദ്ദ് ചെയ്യാനുമുള്ള താൽക്കാലിക തീരുമാനം അന്തിമമാക്കി ഇതിനാൽ ഉത്തരവാകുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു

| Sl No | Name & PEN | Date of Birth | Date of Entry in Service | PSC Advise details | Date Reckoned for Seniority | Existing Rank No | Proposed Rank No |
|---|---|---|---|---|---|---|---|
| 1 | Babu.M.K 702470 | 02/05/1972 | 05/09/2012 | Adv.No.KII(4)5/2006 KPSC KTM dated 30/07/2012 | 30/07/2012 | 56 | - |
| 2 | Sukumaran.T 701783 | 13/05/1982 | 17/05/2014 | Adv.No. KGD IV(2) 4218/06 KPSC KGD dated 04/09/2012 | 04/09/2012 | 163 A | 56A |
| 3 | Santhoshkumar R 227258 | 20/05/1968 | 22/01/2013 | Adv.No.PII(1)2126/06 KPSC PKD dated 03/11/2012 | 03/11/2012 | 57 | - |

Signed by
M . Abul Kalam
Date: 24-02-2025 15:08:42

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്:-

ശ്രീ. സുകുമാരൻ. ടി,
ഡ്രൈവർ ഗ്രേഡ് I
ജില്ലാ മെഡിക്കൽ ഓഫീസ്(ആ), കാസർഗോഡ് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ)

പകർപ്പ്:-

1. ഏല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

(ആരോഗ്യ വകുപ്പ്  ഡയറക്ടറുടെ വെബ്സൈറ്റ്  മുഖേന)

2. സൂപ്രണ്ട്, എച്ച് റ്റി സെക്ഷൻ

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

4. ഫയൽ കരുതൽ ഫയൽ